(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) 'കുടുംബ സംഗമം' എന്ന പദ്ധതി വഴി നിലവിൽ വന്ന വ്യാവസായിക സംരംഭങ്ങൾ ഏതൊക്കെയാണ്;

(ഡി) സംസ്ഥാനത്തെ ഓരോ ജില്ലയിലും ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് എത്ര തുക വീതം ഇതിനകം ചെലവഴിക്കുകയുണ്ടായി;

(ഇ) ഈ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): (എ, ബി) വ്യവസായ വകുപ്പിന്റെ നയപ്രഖ്യാപനത്തിൽ ഇത്തരം ഒരു പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ 'കുടുംബ സംഗമം' പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ തൊഴിൽ രഹിതരായ എല്ലാവർക്കും ഓരോ വീടും ഒരു സാമ്പത്തിക ഉല്പാദക യൂണിറ്റാക്കിക്കൊണ്ട് സ്വയംതൊഴിൽ ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി—ഇ) പുതിയ തൊഴിൽദാന പദ്ധതിയുടെ ഭാഗമായിവരുന്ന കുടുംബ സംഗമം പദ്ധതിക്ക് അന്തിമ രൂപമായിട്ടില്ല. ആയതിനാൽ 'കുടുംബ സംഗമം' സുസ്ഥിര വികസന പരിപാടി ഇതുവരെ ആരംഭിച്ചിട്ടില്ല.

കരകൗശല കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

*8 [491] ശ്രീ. ഉമേഷ് ചള്ളിയിൽ:
„ ഷിബു ബേബിജോൺ:
„ കെ. കെ. ഷാജു:
„ ജോണി നെല്ലൂർ:
„ എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരകൗശല കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ലാഭകരമാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി) കരകൗശല കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 56 ലക്ഷം രൂപയുടെ ധനസഹായം അനുവദിച്ചു. ഇതിൽ 30 ലക്ഷം രൂപ ദേശീയ പിന്നോക്ക വിഭാഗ സാമ്പത്തിക വികസന കോർപ്പറേഷൻ കരകൗശല തൊഴിലാളികൾക്ക് നൽകുന്ന സാമ്പത്തിക വായ്പയ്ക്കുള്ള സർക്കാർ സഹായവും 17 ലക്ഷം രൂപ 'കേരൾ ഹാത്ത്' സ്ഥാപിക്കുന്നതിനും 4 ലക്ഷം രൂപ സി.എഫ്.എസ്.സി.-യുടെ ആധുനികവൽക്കരണത്തിനും 5 ലക്ഷം രൂപ കോർപ്പറേഷനുള്ള ധനസഹായവും എന്ന ഇനത്തിലാണ് നൽകിയിട്ടുള്ളത്.

കരകൗശല മേഖലയെക്കുറിച്ചുള്ള പഠനത്തിനു സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് എന്ന സ്ഥാപനത്തിനെ ഏല്പിക്കുകയും ഇതിനായി 3 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. 'കേരൾ ഹാത്ത്' പദ്ധതിയുടെ ആവശ്യത്തിനായി തിരുവനന്തപുരത്ത് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

കരകൗശല വികസന കോർപ്പറേഷന്റെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷന്റെ പുനഃസംഘടനയ്ക്ക് സഹായകമായ പഠനം നടത്തുന്നതിനുള്ള പദ്ധതി സർക്കാർ പരിഗണനയിലാണ്.

(സി) മേൽപ്പറഞ്ഞതിനുപുറമെ, കരകൗശല ഉല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുകയും തദ്വാരാ കോർപ്പറേഷന്റെ ലാഭം വർദ്ധിപ്പിക്കുകയും തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് അർബൻ ഹാത്ത്/കേരൾ ഹാത്ത് എന്ന പദ്ധതി ലക്ഷ്യമിടുന്നു. സാമ്പത്തിക വർഷം ഈ പദ്ധതികൾക്കായി ഒരു കോടി രൂപ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ കരകൗശല മേഖലയെ മൊത്തത്തിൽ പരിപോഷിപ്പിക്കാനായി ബാബാസാഹേബ് അംബേദ്കർ ഹാത്ത്ഷിപ്പ് വികാസ് യോജന, തൊഴിലാളികൾക്ക് പരിശീലനം, അപ്പെക്സ് സ്ഥാപനങ്ങളുടെ വിപുലീകരണത്തിനുള്ള ഗ്രാന്റ് എന്നീ പദ്ധതികളും നടപ്പാക്കിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം കരകൗശല വികസന കോർപ്പറേഷന്, ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ-വികസന കോർപ്പറേഷനിൽനിന്നും 346.50 ലക്ഷം രൂപ ലഭ്യമാക്കാൻ സർക്കാർ ഗ്യാരന്റി നൽകി.

സഹകരണ രംഗത്തെ വായ്പകൾ

*9 [492] ശ്രീ. എൻ. ഡി. അപ്പച്ചൻ:
„ ഡൊമിനിക് പ്രസന്റേഷൻ:
„ വർക്കല കഹാർ:
„ വി. ജെ. പൗലോസ്:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly